©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | THIRUVANANTHAPURAM, TUESDAY<br>തിരുവനന്തപുരം, ചൊവ്വ | 3rd November 2009<br>2009 നവംബർ 3<br>12th Karthika 1931<br>1931 കാർത്തികം 12 | No.<br>നമ്പർ 43 |

# PART III

# Police Department

ലേലപ്പരസ്യം

നമ്പർ ഇ2-21468/2009/റ്റി. സി. 2009 ഒക്ടോബർ 15.

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ അധീനതയിലുള്ളതും ഇപ്പോൾ സിറ്റി എ. ആർ. ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതുമായ വിവിധ ഇനം വാഹനങ്ങളുടെ സ്പെയർ പാർട്ടുകൾ (ടയറുകളും ട്യൂബുകളും) ലേലം/ടെണ്ടർ വഴി വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | ടയറുകൾ (എണ്ണം) | ട്യൂബുകൾ (എണ്ണം) |
|---|---|---|
| 1 | 215/75 × 15—9 | ഇല്ല |
| 2 | 750 × 16 (മിനി ബസ്)—9 | 8 |
| 3 | 600 × 16 (ഡീസൽ ജീപ്പ്)—40 | 10 |
| 4 | 195/ആർ 15 (ടാറ്റാ സുമോ)—10 | 2 |
| 5 | 185/ആർ 16 (ഡീസൽ ജീപ്പ്)—8 | 10 |
| 6 | 165 × 80 ആർ 15 (അംബാസിഡർ കാർ)—8 | 4 |
| 7 | 175 × 80 ആർ 14 (ക്വാളിസ്)—48 | 12 |
| 8 | 4.50 × 12 (മാരുതി ഒമിനി)—4 | 3 |
| 9 | 275/250×18 (100 സി സി മോട്ടോർ സൈക്കിൾ)—21 | 10 |
| 10 | 325/300 × 18 (ബുള്ളറ്റ് മോട്ടോർ സൈക്കിൾ)—18 | 12 |
| 11 | എഫ് 78/15—1 | ഇല്ല |

നിരതദ്രവ്യം—രൂപ 1,000.

ലേലസ്ഥലം—എ. ആർ. ക്യാമ്പ്, നന്ദാവനം.

ലേല തീയതിയും സമയവും—20-11-2009 രാവിലെ 11 മണി.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേലസ്ഥലത്ത് കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപായി നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാൽ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ച് നൽകുന്നതാണ്.

പ്രസ്തുത സാധനങ്ങൾ ലേലത്തിന് മുൻപുള്ള പത്ത് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകുന്നേരം 5 മണിക്കും ഇടയ്ക്ക് മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ എ. ആർ. ക്യാമ്പ്, തിരുവനന്തപുരം സിറ്റിയുടെ മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

ടി സാധനങ്ങളുടെ വിൽപ്പനയ്ക്ക് ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർ ഫോറം ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം 5 മണിവരെ ഈ ഓഫീസിൽനിന്നും ലഭിക്കുന്നതായിരിക്കും. ടെണ്ടറിനോടൊപ്പം നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം തിരുവനന്തപുരം സിറ്റി പോലീസ്

കമ്മീഷണറുടെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ടെണ്ടറുകൾ 19-11-2009 വൈകുന്നേരം 4 മണിവരെ സ്വീകരിക്കുന്നതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും.

പരസ്യലേലം അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് ടിയാന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ലേലത്തുക മുഴുവനായും നികുതി ഉൾപ്പെടെ അപ്പോൾതന്നെ അടയ്ക്കേണ്ടതും സ്വന്തം ചെലവിൽ സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. ആയതിന് സിറ്റി പോലീസ് കമ്മീഷണറുടെ ഉത്തരവ് പ്രത്യേകം ലഭിക്കുന്നതാണ്.

ടി നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ലേല വസ്തുക്കൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന് മുൻപേ ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതും നഷ്ടസംഖ്യ ടിയാനിൽനിന്നും ഈടാക്കുന്നതുമായിരിക്കും. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണെങ്കിൽ കൂടുതൽ കിട്ടുന്ന തുകയ്ക്ക് ടിയാന് അർഹതയില്ലാത്തതുമാകുന്നു.

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് ഉചിതമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം നിറുത്തിവയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കും.

(ഒപ്പ്)
തിരുവനന്തപുരം ഡെപ്യൂട്ടി
പോലീസ് കമ്മീഷണർ
(എ ആന്റ് സി).

പോലീസ് കമ്മീഷണറുടെ
ആഫീസ്, തിരുവനന്തപുരം സിറ്റി.

---

ലേലപ്പരസ്യം

നമ്പർ ഇ1-36313/09/റ്റി. 2009 ഒക്ടോബർ 15.

തിരുവനന്തപുരം റൂറൽ ജില്ലയിൽപ്പെട്ട നെടുമങ്ങാട് താലൂക്കിൽ സ്ഥിതിചെയ്യുന്ന കാട്ടാക്കട പോലീസ് സ്റ്റേഷൻ വളപ്പിൽ അപകടകരമായി നിൽക്കുന്ന 5 മരങ്ങൾ 12-11-2009-ാം തീയതി പകൽ 12 മണിക്ക് കാട്ടാക്കട പോലീസ് സ്റ്റേഷൻ പരിസരത്തുവെച്ച് പരസ്യമായി ലേലംചെയ്തു വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

| ഇനം | എണ്ണം |
|---|---|
| പ്ലാവ് | 3 |
| യൂക്കാലി | 1 |
| ആഞ്ഞിലി | 1 |

ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യമായ രൂപ 3,700 (മൂവായിരത്തി എഴുന്നൂറ് രൂപ മാത്രം) കെട്ടിവയ്ക്കേണ്ടതുമാണ്.

ലേലത്തിൽ പങ്കെടുത്ത് ടി മരങ്ങൾ വാങ്ങാനുദ്ദേശിക്കുന്നവർക്ക് നേരിട്ടോ തപാൽ മുഖേനയോ സീൽചെയ്ത ദർഘാസുകൾ 11-11-2009-ാം തീയതി വൈകുന്നേരം 4 മണിക്കുമുമ്പ് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ ലഭിക്കത്തക്കവിധം നൽകാവുന്നതാണ്. ദർഘാസുകൾക്കൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിനുശേഷം ലേലത്തിൽ പങ്കെടുക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും യുക്തമെന്ന് തോന്നുന്നപക്ഷം ലേലം വിളിച്ച തുക/ദർഘാസ് തുക ഏതാണോ കൂടുതൽ ആ തുകയ്ക്ക് ലേലം താത്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

ഇപ്രകാരം ലേലം ഉറപ്പിച്ചുകിട്ടുന്നവർ ലേലം/ദർഘാസ് തുകയുടെ പകുതി (നികുതി ഉൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്തുവച്ച് അടയ്ക്കേണ്ടതും ബാക്കി തുക (നികുതി ഉൾപ്പെടെ) ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി അഞ്ചു ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ടി മരങ്ങൾ മുറിച്ചു നീക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾ ലേലം/ദർഘാസ് കൊണ്ടയാൾ ലംഘിക്കുകയാണെങ്കിൽ ടിയാന്റെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി മരങ്ങൾ പുനർലേലം ചെയ്ത് കൊടുക്കുന്നതുമായിരിക്കും. പുനർലേലത്തിൽ മുൻ തുകയേക്കാൾ കൂടിയ തുക ലഭിച്ചാൽ അതിൻമേൽ ടിയാന് അവകാശമുണ്ടായിരിക്കുന്നതല്ല. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദി ആയിരിക്കും.

യാതൊരു കാരണവും കൂടാതെ ഈ പരസ്യപ്രകാരമുള്ള ലേലം അസ്ഥിരപ്പെടുത്തുന്നതിനും റദ്ദാക്കുന്നതിനുമുള്ള പൂർണ്ണ അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)
തിരുവനന്തപുരം റൂറൽ
ജില്ലാ പോലീസ് സൂപ്രണ്ട്.

ജില്ലാ പോലീസ് ആഫീസ്,
തിരുവനന്തപുരം റൂറൽ.